# ണികണ്ഠമാല്യം

S.P.C.S. LIBRARY
KOTTAYAM.
No. ........

By
S. K. ACHARI

SRI VILAS PRESS, & BOOK DEPOT
TRIVANDRUM.

1522

4093

# മണികണ്ഠമാല്യം

36151

1522

ഗ്രന്ഥകർത്താ:

എസ്. കെ. ആചാരി

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രസാധകർ:

ശ്രീവിലാംസ് പ്രസ്സ് & ബുക്കഡിപ്പോ,

തിരുവനന്തപുരം.

1122

*Rights Reserved*] [Price As. 8

# പ്രസ്താവന.

കലിയുഗവരദനായ ശ്രീ ശബരിഗിരീശനെ ദശിക്കവാനുള്ള മഹാഭാഗ്യം കഴിഞ്ഞവഷത്തിലാണു് എനിക്ക സിദ്ധിച്ചതു്. മനുഷ്യൻ അപൂണ്ണൻ, അവൻെറ അറിവും അപൂണ്ണം. ആ നിലയ്ക്കു് ശാസ്താവിന്റെ ശക്തി വിശേഷത്തെക്കുറിച്ചു നിരൂപണം ചെയ്യുവാനുള്ള ശക്തി എനിക്കില്ല. എങ്കിലും "കല കലയ്ക്കുവേണ്ടി" എന്നു പറയും പോലെ ഭക്തിയുടെ ഫലം ഭക്തിതന്നെ എന്നു തീത്തു പറയാം. ജീവിതയാത്രയിൽ ക്ലേശങ്ങളുമായി മുട്ടുന്ന മനസ്സിനു ഭക്തിയുടെ പിൻതുണകൂടാതെ മുന്നോട്ടു നീങ്ങുവാൻ സാദ്ധ്യമല്ല. ഏതു നിരീശ്വരവാദിയും ആപത്തിൽ രഹസ്യമായിട്ടെങ്കിലും ദൈവത്തെ വിളിക്കുന്നുണ്ടാവും. പാപം പൊതിഞ്ഞ പരിസരങ്ങളിലേയ്ക്കുപറന്നുകൊണ്ടിരിക്കുന്ന മനസ്സിനെ നിയന്ത്രിച്ചു മനുഷ്യനെ കൃത്യപരനാക്കുക എന്നുള്ളതാണു നമ്മുടെ ദേവാലയങ്ങളുടേയും പരമലക്ഷ്യം. ഈ തത്വത്തെ തികച്ചും പ്രകാശിപ്പിക്കുന്നതു ശബരിമല ശാസ്താവു്—സാക്ഷാൽ മണികണ്ഠസ്വാമി—അത്രേ. ശബരിമല തീത്ഥാടനം ഭാരതീയ വേദാന്തത്തിൻെറ ഒരു പ്രായോഗികപരിശീലനക്ലാസ്സിനു മകുടം ചാത്തുന്നു എന്നു ചുരുക്കത്തിൽ പറയാം.

വ്രതകാലത്തു ഭഗവദർപ്പണത്തിനായി കെട്ടിയുണ്ടാക്കിയ ഈ നവമാല്യം തീത്ഥാടന വേളയിൽ എന്റെ പ്രയാസങ്ങളെ ലഘൂകരിച്ചിട്ടുണ്ടെന്നുള്ള പരമാത്ഥത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഈ സ്വാമി

പ്രസാദം ഭക്തജനങ്ങൾക്കെന്നവണ്ണം സഹൃദയർക്കും ആസ്വാദ്യമാകത്തക്കവിധം യത്നിച്ചിട്ടുണ്ടു്. മഹാജനങ്ങളുടെ അനുഗ്രഹാശിസ്സുകൾ എന്നെ തഴുകുമാറാകട്ടെ.

വിവിധഭാഷാപാണ്ഡിത്യത്തെ വിനയത്താൽ മധുരീകരിക്കുന്ന മഹാനായ ശ്രീ ശേഷാദ്രി അയ്യർ ബി.എ., ബി.എൽ. അവർകൾ സസന്തോഷം ഈ കൃതി അവതരിപ്പിക്കുവാൻ പ്രദർശിപ്പിച്ച സന്മനോഭാവത്തിന് ആത്മാർത്ഥതയുടെ അനന്തനമസ്കാരങ്ങൾ അർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം;

5-5-121. എസ്. കെ. ആചാരി.

# അവതാരിക.

ഭക്തിയുടെ പരിമളം അലൌകികമാണു്. അതിനാൽ വശീകരിക്കപ്പെടാത്ത ഏതെങ്കിലും ഒരു ഹൃദയമുണ്ടെന്നു തോന്നുന്നില്ല. ലൌകികഭോഗങ്ങളിൽ ആപാദചൂഡം ആമഗ്നരായി കഴിയുന്ന ആളുകൾപോലും ദുഃഖമഗ്നങ്ങളായ ചില അവസരങ്ങളിൽ അഥവാ, മങ്ഗളമയങ്ങളായ ചില മുഹൂർത്തങ്ങളിൽ ആ അലൌകികസൌരഭ്യം അല്പമെങ്കിലും അനുഭവിക്കുന്നുണ്ടു്. അപൂർവ്വം അസുലഭവും ആയ ആ നിമിഷത്തെ അനന്തമാക്കിത്തീർത്താൽ മനുഷ്യൻ മഹാഭാഗ്യവാനായി; കൃതകൃത്യനായി.

വേനലിൽ അത്യന്തം സന്തപ്തമായി, തുലാവർഷം കൊണ്ടു കണ്ണുനീർ ചൊരിഞ്ഞതിനുശേഷം ഭക്തികുസുമത്താൽ അഭിരാമമായി സംവത്സരം നില്ക്കുന്ന സമയമത്രേ വൃശ്ചികമാസം. ശബരിമല തീർത്ഥാടനക്കാർ വ്രതാനുഷ്ഠാനം ആരംഭിക്കുന്ന ആ ദിവ്യമുഹൂർത്തത്തെ "വർഷാന്ത്യാരംഭ സംഗമാ"വസരത്തെ പ്രകീർത്തനം ചെയ്തുകൊണ്ടാണു കവി 'മണികണ്ഠമാല്യ'മെന്ന ഗാനകാവ്യം തുടങ്ങുന്നതു്. ഇഷ്ടദൈവതമായ ശബരിമല ശാസ്താവു്, ഏകവും അദ്വിതീയവുമായി പരിലസിക്കുന്ന പരബ്രഹ്മം തന്നെ ലോകാനുഗ്രഹത്തിനു മനുഷ്യരൂപം സ്വീകരിച്ചതാണെന്നു ഭക്തന്മാർ വിശ്വസിക്കുന്നു. ആ അചഞ്ചലമായ അടിയുറച്ച വിശ്വാസമത്രെ ആനന്ദമയനായ ആ മഹേശനിലേയ്ക്കു് ആളുകളെ അനവരതം ആകർഷിക്കുന്നതു്. അങ്ങനെയുള്ള ഭക്തന്മാരെ മണികണ്ഠമാല്യ

ത്തിൻെറ ഭംഗിയും സൌരഭ്യവും ആഹ്ലാദിപ്പിക്കുമെന്നുള്ളതിൽ സംശയമില്ല.

മണികണ്ഠമാല്യത്തിൽ കോർത്തിരിക്കുന്ന് ഓരോ പുഷ്പവും വാസനാവഹമാണെന്നു പറയുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. ചിലപ്പോൾ കവി ബാഹ്യകർമ്മങ്ങളുടെ ഉള്ളിൽ കടന്നു തത്വഗാംഭീര്യങ്ങളായ ചില അന്തഃസൌന്ദര്യങ്ങളെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നു.

തലയടിച്ചു തകരുന്ന പാതകം
പലതുമെന്നുള്ള വസ്തുത കാട്ടുവാൻ
ശിലകളിൽ നാളികേരമടിച്ചിതാ
നിലകൊൾവൂ ഭക്തരയ്യപ്പാ! പാഹിമാം.
പുണ്യപാപങ്ങളാകുമിരുമുടി
ഭണ്ഡമെന്യേ തലയിൽ ചുമന്നുടൻ
നിർണ്ണയം മമാല്യർണ്ണമണയുകിൽ
പൂർണ്ണവിശ്രമമയ്യപ്പാ! പാഹിമാം.

ഇങ്ങനെയുള്ള പദ്യങ്ങൾ ആ ശ്രമത്തിന്റെ ഫലങ്ങളാണു്. ശ്രീ ശാസ്താവിൻെറ ഭൂലോകവിഹാര ചരിതം നാതിസംക്ഷേപവിസ്തരമായി കവി പ്രതിപാദിക്കുന്നുണ്ടു്. പന്തളഭൂപാലൻ ശിശുരൂപത്തിലുള്ള ആ ദേവദേവനെ ആദ്യം കാണുന്നതു്:

സ്ഫടികനിർമ്മല, ബാലരവിപ്രഭ
തടവിഭൂരുഹഛായയാം ബരാഭയായ്
പരിലസിച്ചിടും പുണ്യസരിദ്വര-
യ്യരികിൽ വെൺമണൽപ്പട്ടുപൂമെത്തയിൽ.

നയനമഞ്ചും നവസുവർണ്ണപ്രഭാ-
ചയപരീതനൊരോമൽക്കുമാരകൻ,

ആയിട്ടാണു്. അപ്പോൾ,

തരുവിടപങ്ങൾ-സംസ്ഥിതദേവതാ-
കരപുടങ്ങൾ-സുമങ്ങൾവർഷിച്ചിതെ.
കുരവയിട്ടുകിളികുലം-മാരുതൻ
സുരഭിയായ് വീശി..........................

ഇവിടെ കവിയുടെ തൂലികാചിത്രത്തിനുള്ള ശക്തി വ്യക്തമാകുന്നുണ്ടു്. നാടകീയങ്ങളായ രംഗങ്ങൾ സൃഷ്ടിക്കുവാൻ കവിക്കുള്ള നൈപുണ്യവും കവിതയിൽ പല ഭാഗങ്ങളിലും പ്രത്യക്ഷമാകുന്നുണ്ടു്. ശിശു ആരെന്നു ശങ്കാകുലനായിനിൽക്കുന്ന രാജാവിനോടു വൃദ്ധമഹർഷി പറയുന്നു.

സുതവിഹീനയാം മന്നാവൃഷ്ടിയാൽ
സുതതാം താപംസഹിച്ചതിൻമാനസം
അമൃതധാരയിൽ മുക്കുവാൻതന്നെയീ-
സുമധുരഘന മയ്യപ്പാ! പാഹിമാം.

എന്ന പദ്യം കവിയുടെ ഭക്തിയേയും, ശക്തിയേയും വെളിവാക്കുന്നു. ഭൂപതിയുടെ തന്നെയല്ല, ഭൂമിയുടേയും മാനസത്തെ അമൃതധാരയിൽ മുക്കുവാനാണു് ആ സച്ചിദാനന്ദരൂപി ആവിർഭവിച്ചതു്.

ഭക്തിയായ പനിനീരിൽ മുക്കിയെടുത്ത കവിതാസുമങ്ങൾകൊണ്ടു വിരചിച്ച ഈ മണികണ്ഠമാല്യം സാക്ഷാൽ മണികണ്ഠന്റെയും ഭക്തരസനയിൽ നൃത്തമാടുന്ന സരസ്വതീദേവിയുടേയും കണ്ഠങ്ങളിൽ ഒരുപോലെ വിളങ്ങുമെന്നു ഞാൻ വിശ്വസിക്കുന്നു. അനുഗൃഹീത കവിയും

നിഷ്കളങ്ക കേതനമായ ശ്രീമാൻ എസ്. കെ. ആചാരി യുടെ ഈ മനോഹര ഗാനകാവ്യത്തെ ഞാൻ സസന്തോഷം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഈ യുവകവിയുടെ തൂലിക അവന്ധ്യമായിത്തന്നെ അനവരതം പരിലസിക്കട്ടെ!!

തിരുവനന്തപുരം,
29-10-1120.

(ഒപ്പ്)
പി. ശേഷാദ്രി അയ്യർ,
ബി. എ., എം. എൽ.,
സർവകലാശാലാ പ്രസിദ്ധീകരണ
വകുപ്പു സൂപ്രണ്ട്.

# മണികണ്ഠമാല്യം

---

## 1

ഹരിഹരസുത! പാഹിമാം പാഹിമാം
ഹരിതനപ്രഭ! പാഹിമാം പാഹിമാം
വരശബരിഗിരി സദാചൂടിടും
വരരത്നമേ! പാഹിമാം പാഹിമാം. 1

കലികലുഷമാം മാനവ മാനസം
കലിതരൂപം തെളിഞ്ഞു വിളങ്ങുവാൻ
മലയിലാരുവാൻ കാണിച്ചതിമഹോ-
ജ്വലമണിദീപ മയ്യപ്പാ! പാഹിമാം. 2

പരമമാമണു തൊട്ട ജാണ്ഡാവധി
പെരുകിമിജ്ജഗത്താകെസ്സദാഹൃദി
കരതലാമലകോപമം കാണുവോൻ
ഗിരിമുകളേറിയോ ഹരേ! പാഹിമാം. 3

പദകുസുമങ്ങളില്ലമേ വേണ്ടപോൽ
പരിചയലവമില്ല രചനയിൽ
പരമിതാഭവൽ ഭക്തിസൂത്രത്തിനാ-
ലൊരുഹാരം തീർപ്പനയ്യപ്പാ! പാഹിമാം. 4

അപരമില്ല ഭവച്ചരണാരുണ
സരസിജങ്ങൾക്കു കാഴ്ചവച്ചീടുവാൻ
കരുണയൂറും കടക്കണ്ണൊഴിഞ്ഞിതിൽ
പരിമളം ചേർക്കുകയ്യപ്പാ! പാഹിമാം. 5

മറയവർതൻ മതിയും മടക്കുമ-
മ്മറകൾ നാലിന്നുമപ്പുറം നിന്നിടും
പരമ പുരുഷ! നിന്മറിമായങ്ങ-
ളറിയുവാൻപണി അയ്യപ്പാ! പാഹിമാം. 6

വിഗുണമാകുമജ്ജ്യോതിസ്സിൽ നിന്നഹോ!
വിഗളിതങ്ങളായ് വിശദഗുണങ്ങളാൽ
വിവിധരൂപങ്ങൾ തേടിവിളങ്ങിടും
സഗുണബ്രഹ്മമാമയ്യപ്പാ! പാഹിമാം 7

കനകഖണ്ഡവും കാചവും തുല്യമായ്
കരുതുവോർ തൻ മനോമുകുരങ്ങളിൽ
വിമല മദ്വയമായഖണ്ഡാത്മകം
വിലസും നാഥനാമയ്യപ്പാ! പാഹിമാം 8

പ്രകൃതിയാകും കൊടുങ്കാററടിച്ചഹോ
വികൃതമാമിപ്രപഞ്ചവാരാശിയിൽ
അടിയും മർത്ത്യരെ യുദ്ധരിപ്പാൻപല
വടിവിലെത്തിടുമയ്യപ്പാ! പാഹിമാം. 9

അജനും വിഷ്ണുവും രുദ്രനും വാണിയും
രമയും ഗൌരിയും ശ്രീ, രാമ-കൃഷ്ണരും
ഗജമുഖനും ഗുഹനുമെല്ലാം ഭവൽ
തനുവിഭേദങ്ങളയ്യപ്പാ! പാഹിമാം. 10

1522

സ്ഫുടമൊരേജലം ഭിന്നരൂപങ്ങളാം
സ്ഫടികപാത്രങ്ങൾ തന്നുള്ളിലെന്നപോൽ
ബഹുവിധോപാധിഭേദേന ഭിന്നമായ്
മഹിയിൽ മേവിടുമയ്യപ്പാ! പാഹിമാം. 11

സുകൃതലഭ്യമാം മാനുഷജീവിതം
സുകൃതികൾക്കു വിളനിലമാക്കുവാൻ
സുകരമേവനും ഭോഗാ ഭവന്മൂർത്തി
നികരസേവയാലയ്യപ്പാ! പാഹിമാം. 12

പെരുകുമജ്ഞാന പങ്കത്തലാണ്ടഹോ
നരകമായ്ത്തീർന്ന നാരമിന്നാകയാൽ
നരകവൈരിയും മുപ്പുരവൈരിയും
ഒരുതനുവാർന്നിതയ്യപ്പാ! പാഹിമാം. 13

പരശുവീശിയലകടൽ മാററിയ
പരമയോഗിതൻ ക്ഷേത്രത്തിലെന്നിയേ
ദുരിതവാരിധി കൺമുനവീശലാൽ
കരിയിപ്പോനെങ്ങിതയ്യപ്പാ! പാഹിമാം. 14

ലളിത താമസസാത്വികച്ഛായസ
മ്മിളിതവർഷാന്ത്യ ശാരദസംഗമേ!
മഹിതവൃശ്ചികമാസമേ! ഭൂരുഹ
വിഹിതസൂനമേ! മംഗളം മംഗളം. 15

ഉദയശൈലത്തിലേറുന്ന നീചമാം
സ്ഥിതിവെടിഞ്ഞു വിശുദ്ധാംബരൻ രവി
അവശലക്ഷമനസ്സുകൾ പായുന്നു.
ശബരിപീഠത്തിലയ്യപ്പാ! പാഹിമാം. 16

കളികഴിഞ്ഞു വിശുദ്ധവസനരായ്
തെളിവൊടീശനിലയനം ചേന്നഹാ!
ഗളതലേ മാലചാത്തുന്ന ഭക്തിതൻ
പുളകമാലയൊത്തയ്യപ്പാ! പാഹിമാം. 17

തലയടിച്ചുതകരുന്ന പാതകം
പലതുമെന്നുള്ള വസ്തുതകാട്ടുവാൻ
ശിലകളിൽ നാളികേരമടിച്ചിതാ
നിലകൊൾവൂ ഭക്തരയ്യപ്പാ! പാഹിമാം. 18

അകലുന്നു ജാതി, നാമം, വയസ്സിവ
സകലതും സ്വാമി അയ്യപ്പൻ അയ്യപ്പൻ
അജവുമയ്യപ്പനാനയുമയ്യപ്പൻ
തൃണവുമയ്യപ്പനയ്യപ്പാ! പാഹിമാം. 19

കരളിൽക്കാണുന്നു കാൽക്ഷണത്താലെട്ട-
സ്തരമഹാവനം ദുഷ്ടമൃഗാവൃതം
ഭുവന ജീവിതമാകുന്ന നാടക-
യവനികാത്മക, മയ്യപ്പാ! പാഹിമാം. 20

ഭവസമുദ്രം കടന്നഹാ! മോക്ഷമാം
പരമലക്ഷ്യത്തിലെത്താൻ സ്വപുത്രരെ
പരിചയിപ്പിക്കയോ ദേവി വഞ്ചിഭൂ-
ജനനി! പ്രത്യബ്ദ, മയ്യപ്പാ! പാഹിമാം. 21

പ്രഥിതവൃശ്ചികമാസ മാകന്ദജ-
പ്രഥമസൂനസുദിനപ്രഭാതമേ!
ക്ഷിതിയിതിൽ നവ്യഭക്തിപരിമളം
വിതറിവെൽകനീ അയ്യപ്പാ! പാഹിമാം. 22

1522
36151

ശരണകാഹളം ശംഖനാദാന്വിതം
തെരുതെരെത്തൂകിയേകാഗ്രചിത്തരായ്
മരുവിടുന്നേരം തോന്നിടുമയ്യപ്പ-
നരികിലുണ്ടെന്നെ,ന്നയ്യപ്പാ! പാഹിമാം. 23

ഹരിഹരാത്മജ! പാഹിമാം പാഹിമാം
ദുരിതനാശന! പാഹിമാം പാഹിമാം
ശരണം ശാസ്താവേ! ധർമ്മൈക ശാസ്താവേ!
തരണമേ വരമയ്യപ്പാ! പാഹിമാം. 24

അടിയരാർത്തരായങ്ങേ,ത്തിരുമല-
രടിയിണകണ്ടു കൈതൊഴുതീടുവാൻ
അടിയുറപ്പെപ്പൊഴും തൽപാദഭക്തിയാം
പടവിലേറുന്നിതയ്യപ്പാ! പാഹിമാം. 25

അറിവെഴാതെയിന്നാശതൻപിന്നിൽ നി-
ന്നരുവഷളുകൾ കാട്ടുവോരെങ്കിലും
പരമതെല്ലാം പൊറുത്തുനീ നേർവഴി-
യരുൾകവേണമെന്നയ്യപ്പാ! പാഹിമാം. 26

കമനിയെന്നും ധനമെന്നു മുള്ളോരീ-
യമിതതൃഷ്ണാമരീചിയാൽ ഭ്രാന്തരായ്
സമയം പോകാതെ നിൻനാമമോതുവാൻ
സമയമേകണമയ്യപ്പാ! പാഹിമാം. 27

മരണമെപ്പൊഴും നമ്മെപ്പിരിയാതെ
മരുവിടുന്നുണ്ടു മായാനിഗൂഢനായ്
സ്ഥിരതഭാവിച്ചു ലോകഭോഗങ്ങളെ-
ത്തിരയുന്നു മർത്ത്യരയ്യപ്പാ! പാഹിമാം. 28

THE KOTTAYAM ... KOTTAYAM.

ള്ളകിട്ടുന്നൊററം സമ്പത്തുണ്ടായുമ്പോ-
ളൊളികെടുന്ന വിപത്തുവരുന്നേരം
കളകയിബ്ബുദ്ധി നിഷ്കാമകർമ്മത്തിൽ
നിലയരുളുകെന്നയ്യപ്പാ! പാഹിമാം. 29

കുലവും ശീലവും വിത്തവും വിദ്യയും
ബലവുമായുസ്സുമാത്മാഭിമാനവും
ബലികഴിക്കയാം സ്വാർത്ഥതയ്ക്കായെങ്കിൽ
ഫലശൂന്യം ജന്മമയ്യപ്പാ! പാഹിമാം. 30

പുഴുവായ് പുസ്തകമേറെബ്ഭുജിച്ചിട്ടും
വഴിസുഖത്തിന്നു കാണ്മതില്ലീശ്വരാ!
കഴലിണതവ കാൺകിലോജീവിത-
പ്പുഴയിലാനന്ദമയ്യപ്പാ! പാഹിമാം. 31

പകലും രാത്രിയും പര്യായഭൃതരായ്
രവിയും ചന്ദ്രനും കൂരിരുൾ നീക്കിലും
അകമലർ വിടരുന്നീല തെല്ലുമി-
ങ്ങുദയം ചെയ്കനീ അയ്യപ്പാ! പാഹിമാം. 32

വിഷയവാസനാപങ്കംകഴുകൽ താൻ
വിഷഹരസുത! ഞങ്ങൾതന്നീവ്രതം
അഥവാ, ബ്രഹ്മചര്യം മണ്ഡലാഗ്നിയിൽ
പുടപാകം ചെയ്വിതയ്യപ്പാ! പാഹിമാം. 33

വിഷമിതഗ്ഗിരിദുർഗ്ഗം കടപ്പാൻ ദുർ-
വിഷമമിന്ദ്രിയവർഗ്ഗാതിലംഘനം
വിഷമമായുള്ളൊരഭ്യാസമീവിധം
തുടരുന്നേൻ ഞങ്ങളയ്യപ്പാ! പാഹിമാം. 34

ഹരഹരിപ്രേമ ഗംഗാകളിന്ദജാ-
മിളനപാവന സ്നാനപ്രഫലട്ടമേ!
അഘവിനാശന! ത്വദ്രസമജ്ജന
സുഖമരുളുകെന്നയ്യപ്പാ! പാഹിമാം. 35

മദകരികളും വൻപുലിജാലവും
ഗതിവിഹാരങ്ങൾ ചെയ്യും ഗഹനത്തിൽ
സ്തുതി-ഭവന്നാമകീർത്തനമൊന്നുതാൻ
ഗതി-യഗതികൾക്കയ്യപ്പാ! പാഹിമാം. 36

അതിപുരാണമാണെങ്കിലും ത്വൽകഥ
പുതുമ പൂശുന്നു ലോകത്തിനിപ്പൊഴും
മതിതെളിഞ്ഞു ചെവിക്കൊൾകിലാർക്കുമേ
മതിവരികയില്ലയ്യപ്പാ! പാഹിമാം. 37

അസുരഭീതിയകററിയമരകൾ-
ക്കമൃതുനൽകിയ കാരുണ്യമൂർത്തിതൻ
അരുമനന്ദന! ത്വച്ചരിതം ബുധ-
ർക്കമൃതമായ് വന്നിതയ്യപ്പാ! പാഹിമാം. 38

വിതതവിശ്രുതകീർത്തിയായ് പന്തള
ക്ഷിതിപുരാവാണിരുന്നൊരു മന്നവൻ
സതതം ശംകര വിഷ്ണുപദാംബുജം
രതമധുവ്രതമയ്യപ്പാ! പാഹിമാം. 39

പരിണതവയസ്സാകിലും സൽഗുണ
ഭരിതനാശ്രിതസന്താനമാകിലും
പരിതപിച്ചഹോ! സന്താനഹീനതാ-
ദുരിതമൊന്നിനാലയ്യപ്പാ! പാഹിമാം. 40

വിഹിതമാം ബഹു ദാനധർമ്മാദികൾ
മഹിഷിയുമായനുഷ്ഠിച്ചിതെങ്കിലും
നഹിഫലം കർമ്മബന്ധത്തിലതെല്ലും
ഫലിതമായതില്ലയ്യപ്പാ! പാഹിമാം. 41

ഒരുദിനമുദയാചലോപത്യകാ-
ന്തരിയിൽനിന്നും പിശംഗാംശുകേസരൻ
ഹരിയുണരവേ വേട്ടയ്ക്കുഭൂപതി
ഗിരിവനംപൂകി അയ്യപ്പാ! പാഹിമാം. 42

അരികിലപ്പുറത്തായ് കേരളോർവിതൻ
ഗിരിനിതംബസ്ഥ കാഞ്ചീകലാപമായ്
ഹരിതകാനനഛായയിലൊട്ടൊട്ടു
മറയും പമ്പയാറ, യ്യപ്പാ! പാഹിമാം. 43

തുരഗസൈന്യാദിസന്നാഹയുക്തനാ-
യരചധർമ്മമനുഷ്ഠിച്ചു നിൽക്കവേ
ഒരുനവനാദം പമ്പാസരിത്തിൻെറ
കരയിൽ നിന്നെത്തി അയ്യപ്പാ! പാഹിമാം 44

വിഷയസക്തമാം മാനസം ചിദ്ഘന-
വിഷയമാക്കീടും സംയമിപോൽ നൃപൻ
മൃഗയവിട്ടാ, മൃദുസ്വര ലക്ഷ്യത്തെ
മൃഗണം ചെയ്കയായയ്യപ്പാ! പാഹിമാം. 45

ഹ ഹ ഹി! നാദമിതെന്തുവാൻ ബാലക-
ന്തളിതമോ കാട്ടിൽ, നോക്കിടാം തോഴരേ!
ക്ഷണമതാ കാണ്മു, പുണ്യവാൻ ഭുവന-
പ്രണവ ലക്ഷ്യത്തെ അയ്യപ്പാ! പാഹിമാം. 46

സ്ഫടികനിർമ്മല, ബാലരവിപ്രഭ
തടവിളങ്ങുമച്ഛച്ഛായയാം ബരാളയായ്
പരിലസിച്ചിടും പുണ്യസരിദ്വര-
യ്ക്കരികിൽ വെൺമണൽപ്പട്ടു പൂമെത്തയിൽ. 47

നയനമഞ്ജും നവസുവർണ്ണപ്രഭാ-
ചയപരീതനൊരോമൽ കുമാരകൻ
നിജജനനിയെസ്സേവിക്കുവാൻ പോന്ന
കുജനോ മിന്നുന്നിതയ്യപ്പാ! പാഹിമാം. 48

തരുവിടപങ്ങൾ, സംസ്ഥിത ദേവതാ-
കരപുടങ്ങൾ, സുമങ്ങൾ വർഷിച്ചിതേ;
കരവയിട്ടു കിളികുലം; മാരുതൻ
സുരഭിയായ് വീശി അയ്യപ്പാ! പാഹിമാം. 49

വിമല ഫേനവലകൾ കിലുങ്ങുമ-
സ്സുമധുരതരംഗാഗ്ര കരങ്ങളാൽ
നരപതിയൊട്ടു ശങ്കിക്കവേണ്ടയെ-
ന്നരുളിയോ പമ്പ അയ്യപ്പാ! പാഹിമാം. 50

വിധിബലത്താൽ നിനയാതൊരു ദിവ്യ-
നിധിയെ ദർശിച്ച നിസ്വനെപ്പോലവേ
കൊതിയും ഭീതിയും കൈക്കൊണ്ടു ഭൂപതി
മതിമയങ്ങിനാനയ്യപ്പാ! പാഹിമാം. 51

മനുജസന്തതിയല്ലിതു നിശ്ചയം
അനുപമ ദ്യുതിയോതുന്നു വ്യക്തമായ്
മനമറിഞ്ഞ വനദേവതയുടെ
കനിവുമാകാമിതയ്യപ്പാ! പാഹിമാം. 52

വിഹത ചേഷ്ടനായ് കർത്തവ്യമൂഢതാ-
വിധുരനായ് ധരാപാലകൻ നിൽക്കവേ!
തരസാ കാണായി സത്യപ്രകാശം പോ-
ലൊരുതപോധന നയ്യപ്പാ! പാഹിമാം. 53

ധരണി നാഥബഹുമതനാകുമ-
പ്പരമഹംസനരുൾകയായിവിധം
അയി! നൃപാലക! തേടായ്കശങ്ക ഞാ-
നറിയുന്നേൻതവ മയപ്പാ! പാഹിമാം. 54

അസുരമോഹിനിയാം വിഷ്ണുമായയി-
ലസുകലാത്മകമാം ഹരവീര്യത്താൽ
ഉദയം ചെയ്തോരു ചിൽപുമാൻതന്നെയീ-
ഹൃദയമോഹനനയ്യപ്പാ! പാഹിമാം. 55

കലിയുഗത്തിങ്കൽ ദുർന്നയമേറിടും
ഖലരെ നിഗ്രഹിച്ചീധർമ്മഭൂമിയിൽ
അലഘുഭക്തി ജനഹൃദയങ്ങളിൽ
വിളയിക്കും ശാസ്താ,വയ്യപ്പാ! പാഹിമാം 56

സുതവിഹീനതയാ മനോവൃഷ്ടിയാൽ
സുതരാംതാപം സഹിച്ച നിൻമാനസം
അമൃതധാരയിൽ മുക്കുവാൻതന്നെയി
സുമധുരഫലനമയ്യപ്പാ! പാഹിമാം. 57

തനയനെന്നോർത്തു പാലിച്ചുകൊണ്ടാല്യ-
മനഘസൌന്ദര്യ സൌഭാഗ്യമൂർത്തിയെ
ഉഴറേണ്ടാമനം, പന്ത്രണ്ടുവത്സരം
കഴിയുംവോളവുമയ്യപ്പാ! പാഹിമാം. 58

KOTTAYAM PUB
KOTTAYAM

ഇതിമൊഴിഞ്ഞുടൻ സിദ്ധിമുദ്രാങ്കിത
കരമുകരോദരത്തിലായ്ക്കൊട്ടിനാൻ
അരികിലംബരേ ശക്തിയോടൊന്നിച്ചു
മരുവിട്ടും ശിവമയ്യപ്പാ! പാഹിമാം. 59

പുളകിതാംഗനായ് ഭക്തിവിശ്വാസ സം-
മിളിതകൌതുകം ഭൂപതിനിൽക്കവേ
വിഹിതകൃത്യനായ് പോയ്മറഞ്ഞാൻ ശിവ
പ്രഹിതയോഗീന്ദ്രനയ്യപ്പാ! പാഹിമാം. 60

അരുമപ്പൂണ്ടവിടുത്തിക്കരെയുമ-
മ്മരതകമണിവർണ്ണനെ മന്നവൻ
കരതളിരിലെടുത്തു മാറോടണ-
ച്ചുരുസുഖംതേടി അയ്യപ്പാ! പാഹിമാം. 61

അനനുഭൂതമാമാനന്ദമെന്നുവാ-
നനുഭവിക്കുന്ന ഞാനും ജനിയിതിൽ
പുലരിയിന്നുമൽ പുണ്യലതികയിൽ
പുതുമലർ വിടുർത്തയ്യപ്പാ! പാഹിമാം. 62

മണിലസച്ചാരു കണ്ഠശംഖത്തിലും
മകരകുണ്ഡല ശ്രീ ഗണ്ഡഭൂവിലും
തെരുതെരെച്ചുംബിച്ചാനന്ദബാഷ്പ വി-
സ്ഫുരിതനായ് നടന്നയ്യപ്പാ! പാഹിമാം. 63

II

താണ്ഡവിതചണ്ഡരിപു ഖണ്ഡവഡവാഗ്നി,
പാണ്ഡ്യനൃപ സൂനുപദമാണ്ടമണികണ്ഠൻ
തുണ്ടുകരം ചുരുങ്ങിയതുകൊണ്ടഖിലവിദ്യാ
പാണ്ഡതികരം പൂണ്ടരുളി വീര മണികണ്ഠ! 64

വിജ്ഞകളശേഷഗുണ വാസനയെഴും തൻ
ചിത്തമതിൽ മുമ്പിഹ വിതച്ചവനുപിന്നെ
എത്തിടുക കാല,മുദയത്തിനു പോരും
വിദ്യകൾ മുളപ്പതിനു വീരമണികണ്ഠ! 65

മൂകത വഹിച്ച ഗുരുപുത്രനു മുഖത്തിൽ
ശ്രീ, യഥ സരസ്വതി കളിച്ചു രസനാഗ്രേ
ശോകതിമിരാപഹ രവിക്കു ഗുരുവെന്ത-
ങ്ങേകി വര ഹാരനിര വീരമണികണ്ഠ! 66

ശാസ്ത്രമൊരുകയ്യിലപരത്തിൽ വരശസ്ത്രം
ചാർത്തി ഭുവനത്രയ ഭിഷഗ്വരകുമാരൻ
തീർത്തുപമാനസ മഹാധി രിപുചിത്തേ
ചേർത്തു വിചിത്രമിഹ വീരമണികണ്ഠ! 67

കാന്തസുത പാലനപരായണനനിതാന്തം
കാന്തിമതിയായ് കമല തത്ര മരുവുമ്പോൾ
ധ്വാന്തമതിയാകിയ നിജാഗ്രജ ജവാല-
മന്ത്രിഹൃദയേ കയറി വീരമണികണ്ഠ! 68

തൻ കുടിലതന്ത്ര കരവാളിക തുരുമ്പായ്
വന്നതിൽ മുളച്ചുമുരടാകിയൊരമർഷം
ദുഷ്ടയുവ മന്ത്രിയിലണച്ചു മണികണ്ഠാ-
നിഷ്ടകര വിക്രിയകൾ വീരമണികണ്ഠ! 69

മൃത്യുഹരനായ് സ്വയമമർത്ത്യഹിതമേകാൻ
ചീർത്തഫണിതൻ വിഷമശിച്ച ഭുവനേശൻ
ധൂർത്തകൃതമന്ത്ര വിഷജാർത്തി മകനന്നാൾ
തീർത്തിതു നിഗൂഢമയി! വീരമണികണ്ഠ! 70

കാലതരുവിൽ ത്തളർന്നവർഷ സുമമെട്ടും
നാല്പമുളവാക്കി വിലയിച്ചൊരു വിഭാതം
ബാലരവിയെപ്പിറകിൽ വാഴ്‌വതിലൊരുക്കെ-
ക്കാല്പജല ദാഹതിയോ വീരമണികണ്ഠ! 71

ദുർദ്ദിന ഭുജഗ വിഷമേററു പുലർദേവീ-
മുഗ്ദ്ധവദനം വികൃതമായ്ഞൊടിയിലല്ലയോ?
തൽക്ഷണ മടിക്കടിയടിച്ചു ഗഗനത്തി-
നുച്ഛ്വസിത വാതതതി വീരമണികണ്ഠ! 72

പേശലഗുണാഭരണ രാജ്ഞിയിൽ ദുരാശാ-
പാശവലവീശി നിജമാശകരം നിറപ്പാൻ
ആശു ഖലനാം സചിവ ദാശനതിഗൃദ്ധം
പാർശ്വമണയുന്നു ഹഹ! വീരമണികണ്ഠ! 73

ദേവി! കനിയേണമടിയൻ ചിലതുണർത്താ-
നേറവുമിഹ പോന്നതുപൊറുക്കുക മനസ്സിൽ
ഭാവിതവ കേവലമനർത്ഥമയമാക്കാൻ
ഭാവമരചന്നറിക വീരമണികണ്ഠ! 74

ചിന്തയൊരു ലേശമിയലാതെ നൃപവൃദ്ധൻ
ഹന്ത! മണികണ്ഠനുവിധിച്ചിതഭിഷേകം.
സ്വന്തമൊരു നന്ദനനിരിക്കെയിതുതാനോ
പന്തിനിരൂപിച്ചിടുക വീരമണികണ്ഠ! 75

കർണ്ണയുഗളത്തിലെരിതീക്കനൽപതിക്കും
വണ്ണമഥ മന്നവർമണിപ്രിയ നടുങ്ങി
കണ്ണുകൾ ചുവന്നു ജലധാരകൾ വഴിഞ്ഞു.
തിണ്ണമൂരചെപ്ല് ബതി വീരമണികണ്ഠ! 76

എന്തുശാ! ചൊന്നതു ദുരാത്മകൾ ഭവാനെ-
ന്നന്തികമണഞ്ഞതു വിഷമപകരുവാനോ?
കിംതവമനോജ്ഞമലർ മൂടുവെച്ചരുനേരം
വൃന്ദപരിചിന്തയിതു വീരമണികണ്ഠ! 77

ഇന്നുമണികണ്ഠമയ ഭാഗ്യപരിശിഷ്ടം
തന്നെ മമ കുക്ഷിയിലുദിച്ചൊരു കുമാരൻ
നന്ദനതരനിക്കിരുവരും തവ വിശേഷം
തോന്നിയതു കഷ്ടമിഹ! വീരമണികണ്ഠ! 78

ദുഷ്കരമരുഭ്രുവിലമൃതാബ്ധിയെരചിച്ചെ-
ന്നർക്കമെലതുഷ്ണമൊഴിവാക്കിയസുതന്നായ്
ഇക്കൊടിയ രാജപദമേകുകിലുമാകാ
നിഷ്കൃതി ശരിക്കജയ വീരമണികണ്ഠ! 79

മറുവഴിയില്ല നൃപപത്നിയുടെ ചിത്തം
ചെറാഴിവതിന്നിതു നിനച്ചു കുടിലാത്മാ
മുറവുമതിവശ്യകര മന്ത്രമയചൂർണ്ണം
തുററിയുരചെയ്തു ശിവ! വീരമണികണ്ഠ! 80

മൂവുലകിലും പുകൾമണം വിതറി മേവും
ദേവി! അടിയനൊടയി! കോപമരുതേതും
താവകഗുണം കരുതിയോതുവതു സർവ്വം
താവക മനസ്സിൽ ജയ വീരമണികണ്ഠ! 81

മുന്നമൊരുസിദ്ധമുനി ചൊന്നമൊഴിയാലാ-
ണിന്നടിയനോതുവതു സത്യമറിയേണം
വന്നിടുമനർത്ഥമിവനാൽ നൃപകുലത്തി-
ന്നെന്നുമുരചെയ്തു ജയ വീരമണികണ്ഠ! 82

36151
1522

ഏണശിശുവെന്നു കരുതീട്ടു ബത! നമ്മൾ
പ്രാണസമമിങ്ങനെ വളർത്തുവൊരു ബാലൻ
പാണികളിൽനക്കി നവശോണിത മുതിർക്കെ
കാൺക പുലിപ്രകൃതി വീരമണികണ്ഠ! 83

ദേവവചനങ്ങളിവ കേട്ടൊരു ദശായാം
ചേതനമയങ്ങിയവളോതിഖലനോടായ്
ഏതുമറിയാതെ പരുഷം പലതുചൊന്നേൻ
ചേതസിപൊറുക്കബ്ബുധ! വീരമണികണ്ഠ! 84

മഞ്ജിമകലർന്ന സുമമാല്യമതിമോദാൽ
നെഞ്ചിലണിവാനവളൊരുങ്ങുമളവയ്യോ!
നഞ്ചുചൊരിയുന്ന ഫണിയായിതകരംത്ത-
ട്ടാഞ്ഞുകയറുന്നു ഹഹ വീരമണികണ്ഠ! 85

എങ്ങനെ വധിക്കവതുനാം നൃപതിഹൃത്തിൽ
തങ്ങിവിലസും ഖലനെ മന്ത്രികലമൌലേ!
ഭംഗിയിൽ മയങ്ങിയ ജഗത്തിലപവാദം
പൊങ്ങുകിലതും വിനകരം വീരമണികണ്ഠ! 86

മന്ത്രവിധിയാൽ സ്വവശമാർന്ന പിണിപോൽതൻ
സ്വാന്തമവനങ്ങനെ ധരിച്ചഥ മലിച്ചാൻ
അന്തികമണഞ്ഞു ചെവിതന്നിലളിമന്ത്രി-
ച്ചൊന്നുവിഷമന്ത്രമതു വീരമണികണ്ഠ! 87

പൂതമതിയാകിയൊരു മാതരെ ദുരാത്മാ
പാതകവിധിക്കു വഴികാട്ടി നടകൊണ്ടാൻ
ഏതൊരു മൃഗീയതയുമാത്മഹിതലോഭാൽ
ഹാ! തുടരുകില്ല നരൻ വീരമണികണ്ഠ! 88

## III

അയ്യോ! സഹിക്കാവതല്ലിന്നു നാഥാ!
മെയ്യോ തളർന്നിങ്ങു വയ്യേ ശയിപ്പാൻ
അയ്യായിരം മുള്ളു കൊണ്ടെൻ തലയ്ക്കാ-
ണയ്യോ! തറയ്ക്കുന്നു ശ്രീ ഭൂതനാഥാ! 89

നൂറായ് നുറുങ്ങുന്നിതെൻ ശീർഷമയ്യോ
വേറായിട്ടും പ്രാണനെൻ പ്രാണനാഥാ
ആരാലരണ്യത്തിൽ നിന്നും പുലിപ്പാ-
ലാരാൽ വരുത്തിന്നു ശ്രീഭൂതനാഥാ! 90

ആമന്ത്രിതൻ സ്വാത്മരക്ഷസ്സിനാത്മ
പ്രേമാസ്പദം കോമരത്വം വഹിക്കെ
ധീമണിയസ്സാധുവൃദ്ധൻ നരേന്ദ്രൻ
പൂമെത്തമേൽവീണു ശ്രീഭൂതനാഥ! 91

നീറുന്ന കണ്ണാർന്ന ഭൂതേശ! ചിത്തം
നീറുന്നുമേ ദേവ! കൂറില്ലയോതേ
വേറേ മരുന്നില്ലപോൽ വൈദ്യവൃന്ദം
[illegible]റാത്തുരയ്ക്കുന്നു ശ്രീഭൂതനാഥാ! 92

ഓടിക്കിതച്ചെത്തിനാനനസ്ഥലത്ത-
ന്നീടുററ കൌമാരദിവ്യ സ്വരൂപം
ആടൽപ്പെടായ് കഷ്ടം, നന്മേ! പുലിപ്പാൽ
ചൂടോട്ടു നരകുന്നു ശ്രീഭൂതനാഥാ! 93

പോകേണ്ട പോകേണ്ടയെന്നായ് പുറത്തും
പോകട്ടെ പോകട്ടെയെന്നങ്ങകത്തും
പോയാൻ തയാർ നടിക്കേ ഗമിച്ചാൻ
മായാമയൻ കാട്ടിൽ ശ്രീഭൂതനാഥാ! 94

ദണ്ഡംജഗത്തിന്നു തീർത്തീടുവാനി-
പ്പുണ്യാവനിത്തട്ടിൽ വന്നോരുദേവൻ
കണ്ണീരൊഴുക്കും പിതാവിന്റെ ഹസ്തത്തിൽ
ദണ്ഡുംപരംചേർത്തു ശ്രീ ഭൂതനാഥ! 95

വില്ലുംശരംരണ്ടുമല്ലാതെയൊന്നാ-
വില്ലാളിവീരനും കൂട്ടായതില്ല.
കല്ലും കരഞ്ഞീടുമപ്പോൾ കാൺകെ
കല്ലായിലോകങ്ങൾ ശ്രീ ഭൂതനാഥ! 96

കാല്യം തെളിച്ചുള്ളൊരു പൊൻപാതയൂടെ
കല്യാശയൻകാനനംപൂകിമെല്ലെ
കല്യാണമായ്ത്തൂകിനാൻ വൃക്ഷജാലം
ഫുല്ലപ്രസൂനങ്ങൾ ശ്രീ ഭൂതനാഥ! 97

മന്ദാനിലൻശൈത്യ സൌരഭ്യഹസ്തൻ
വന്നെത്തിതൽപ്രാണസൌഹാർദ്ദമോത്തോ
കുന്നും മഹാശൈലവും താങ്ങുവാൻസാ-
നന്ദം സഹായിച്ചു ശ്രീ ഭൂതനാഥ! 98

ഭൂതാനുകമ്പാവരൻ ഭൂതിഭൂഷൻ
ഭൂതേശനാകുന്ന താതൻ തദാനീം
ഭൂതാധിനാഥനു കാട്ടിൽ തുണയ്ക്കായ്
ഭൂതാഗ്ര്യനേവിട്ടു ശ്രീഭൂതനാഥ! 99

മാഹമ്മദൻ വാവരെന്നുള്ള നാമ-
വ്യാഹാരമാളുന്നൊരന്നന്ദികേശൻ
സ്നേഹാർദ്രനായ് സന്തതംകൂട്ടുസത്പ-
വ്യൂഹാശയംചേർത്തു ശ്രീ ഭൂതനാഥ! 100

ഓരോമലയ്ക്കപ്പുറത്തപ്പുറത്തായ്
ആ രമ്യതീരങ്ങൾ സ്രോതോവഹങ്ങൾ
വേദാന്തവിദ്യാസമം ദേഹജന്യം
ഖേദം നശിപ്പിച്ചു ശ്രീ ഭൂതനാഥ! 101

പ്രാണേശവാക്കാലെതൽപുത്രമാർക്ക്
ക്ഷീണംകെടുത്തിടുവാൻ തത്രമുന്നം
പോരുന്നോരു ഭാഗീരഥീ! പമ്പയാറേ!
പൂണ്ടന്നിതാസൂനു, ശ്രീ ഭൂതനാഥ! 102

കോടാനകോടികളെഴും പാപപിച്ചും
പാടേനശിപ്പിക്കുമെപ്പുണ്യഗാത്രി;
കാടേറിവന്നോരുകാലിൻ രജസ്സാൽ
നേടുന്നു സംശുദ്ധി ശ്രീ ഭൂതനാഥ! 103

കാണായിതന്നേരമൊട്ടങ്ങു ദൂരെ-
ച്ചേണാർന്നിടും ദിവ്യകാന്തിപ്രവാഹം
ഏണാങ്കനോതാരജാലങ്ങൾ ചൂഴ്ന്നീ
ക്ഷോണീതലംചേർന്നു ശ്രീ ഭൂതനാഥ! 104

വന്നെത്തിവന്ദിച്ചുനിന്നാൽ സുരന്മാ-
രൊന്നിച്ചു ശക്രൻ കുമാരന്റെ മുമ്പിൽ;
ഇന്ദ്രാദികൾക്കും വിപത്താറുവാനു-
ണ്ടല്ലോന്നീ മഹാതീർത്ഥമെൻ ഭൂതനാഥ! 105

പൊന്നമ്പലാഭിഖ്യമാംമേടിലേറി-
പ്പൊന്നമ്പലത്തിങ്കൽ ദിവ്യാസനത്തിൽ
നന്ദിച്ചിരുത്തീടിനാർ ദേവനെപ്പി-
ന്നിന്ദ്രാദരാമാഞ്ചർ ശ്രീ ഭൂതനാഥ! 106

ആനന്ദമന്ദാക്ഷ ബാഷ്പാകലന്മാ-
രാനന്ദരൂപന്റെ പാദാംബുജത്തിൽ
നാനാവിധ സ്തോത്രഗാനങ്ങളാകും
സൂനങ്ങളർപ്പിച്ചു ശ്രീ ഭൂതനാഥ! 107

ദേവാദിഗീതസ്തു തൻ ദേവദേവൻ
ഭാവം പകർന്നാത്മ ദിവ്യപ്രഭാവം
തൂവിക്ഷണം പിന്നെയും ബാലഭാവം
താവിത്തെളിഞ്ഞാശു ശ്രീ ഭൂതനാഥ! 108

മന്ദസ്മിതം തൂകി നാഥൻ സുരന്മാർ
നിന്ദിച്ചു ഹൃത്തിൽ സുധാപാനസൗഖ്യം
ഒന്നും ധരിക്കാത്തവൻ പോലെ മന്ദം
പൊന്നാൻ കൃപാമൂർത്തി ശ്രീ ഭൂതനാഥ! 109

ലോകേശരത്നങ്ങളേ നിങ്ങളെന്തേ!
നാകത്തിൽനിന്നിങ്ങു ഭൂവിൽപ്പതിച്ചു
ഏകാന്തരമ്യം വനം ദ്യോവിനെക്കാ-
ളേകാം സുഖം ഹന്ത! ശ്രീ ഭൂതനാഥ! 110

ശോകം ദേവന്മാർക്കു തീർത്തീടുവാൻ താ-
നേകാകിയായിട്ടു ഞാനിങ്ങുപോന്നേൻ
ഏകൻ സഖാവാകയും ചെയ്തു ഭാഗ്യാ-
ലാകാംക്ഷിതം ചൊൽക ശ്രീ ഭൂതനാഥ! 111

കാടല്ല, യോഗീന്ദ്രർ കൂടെ ഭവാനെ
ക്കാടാൻ കാൺമൂ കഥിച്ചാൻ സുരേന്ദ്രൻ
കാടോടിനാർ ഞങ്ങളോ ജീവിതാശാ-
മൂഢർ ജഡാത്മാക്കൾ ശ്രീ ഭൂതനാഥ! 112

നാടൊക്കെയുംകൈക്കലാക്കീട്ടുനമ്മെ-
യോടിച്ചുമാടാം മഹിഷ്യാഖ്യദൈത്യ
പേടിച്ചുഹോതാൽ പാദാബുജംനിനച്ചി-
മേടിങ്കലായ്ഞങ്ങൾ ശ്രീ ഭൂതനാഥ! 113

അന്നജ്ജഗന്മോഹനൻ മാധവൻതാൻ
തന്നാൻസ്വകാരുണ്യ പീയൂഷമാദ്യം,
പിന്നീടു പീയൂഷ, മിന്നാശ്ശനായും
തന്നീടുവോന്നെന്നു ശ്രീ ഭൂതനാഥ! 114

പരിത്രാഹിനാഥ പരിത്രാഹിനാഥ
പരിത്രാഹി ശ്രീനാഥ ശംഭുപ്രസാദ!
പരിത്രാഹി സദ്ധർമ്മൈക ശാസ്ത! സുഖസ്ഥ!
പരിത്രാഹിനോനാഥ ശ്രീ ഭൂതനാഥ! 115

കരഞ്ഞിന്ദ്രനേവം പറഞ്ഞോരുനേരം
ഘനശ്യാമവർണ്ണൻ നനഞ്ഞാൻകനിഞ്ഞാൻ
ജവാലിന്ദ്ര! കൊന്നീടുവെൻ ദൈത്യയെപ്പി-
ന്നഹിംസാസ്പദംഭ്യോവു ശ്രീ ഭൂതനാഥ! 116

IV

കനകമയ,മണിനിചനവിമാനത്തി-
ലനഘൻനവദൂർവാദളശ്യാമൻ
വിമലൻ, വിദ്യുൽപ്രഭാപടലപരിഗത
നവഘനംപോൽ മിന്നി മണികണ്ഠ! 117

സുരവരനികരസമമമരപുരി-
യരികിൽ ഹരിസുതനണയവേ
സരസാവന്ന കർണ്ണവിവരംത്തുളക്കയായ്
മഹിഷി മന്ദഹാസം മണികണ്ഠ! 118

1522

അടുത്തുദരിയിങ്കൽ തടിച്ച മദകരി
രവത്തെക്കേട്ടകണ്ഠീരവത്തെപ്പോൽ
കടുത്ത കോപം പൂണ്ടങ്ങടുത്തു ദനുജത-
ന്നടുത്തു ജഗന്നാഥൻ മണികണ്ഠ! 119

കറുത്ത മഹിഷത്തിൻ തലയും കരിമല
കണക്കെത്തടിച്ചൊരു തടിയുമായ്
കരത്തിലുരത്തൊരു ഗദയും പൂണ്ടമർത്ത്യ-
വിപത്തിൻ മൂർത്തിയവൾ മണികണ്ഠ! 120

കുതിച്ചു ചാടിവന്നങ്ങടിച്ചുദന്തങ്ങളും
കടിച്ചു ജഗത്രയം നടുക്കവേ
കടുക്കെന്നീശൻ വാലിൽപിടിച്ചു കറക്കിയൊ-
ന്നടിച്ചാൻ തറയിങ്കൽ മണികണ്ഠ! 121

കടുതാമധർമ്മത്തിൻ കുടിലദന്തങ്ങളാം
നെടിയശൃംഗങ്ങളുമൊടിഞ്ഞവൾ
അടിയിലിടിയേററു തകർന്നടിയനാം
തടിപോൽ പതിച്ചിതേ മണികണ്ഠ! 122

കറുത്ത ശിലാതലം പിളർന്നിട്ടതിൽനിന്നും
സ്ഫുരത്താം നവരത്നമുദിക്കുംപോൽ
മഹിഷീകായത്തിൽ നിന്നുയർന്നക്ഷണമൊരു
മഹനീയാംഗിമണി മണികണ്ഠ! 123

തെളിഞ്ഞുനന്ദനവും സുരതരുമൊരുപോലെ
ചൊരിഞ്ഞു കുസുമങ്ങൾ തെരുതെരെ,
അർകരന്നൊരിരുളിങ്കലുരഞ്ഞു സുധർമ്മയും
വിളങ്ങിനടേതിലും മണികണ്ഠ! 124

അയസ്സാമസുരയിൽ ഭഗവൽകരസിദ്ധ-
രസരയാഗേണതങ്കവടിവേന്തി
സ്ഫുരിക്കുംദേവിയീശപദത്തിൽ രജസ്സിനെ
ശിരസ്സിലേന്തിച്ചൊന്നാം മണികണ്ഠ! 125

മഹിതദത്താത്രേയമഹർഷി ശാപമെന്നെ
മഹിഷിയാക്കിത്തീർത്തൻ ഭഗവാനേ!
അധുനാഭവൽ കൃപാഝരിയിമുഴകീട്ടു
പരയനിർവാണയായ് മണികണ്ഠ! 126

സതതം തവപാദസവിധേ മരുവിടാൻ
മതിയിൽ കൗതുകമുണ്ടായി നാഥ.
അതുകേട്ടഖിലേശൻ കനിഞ്ഞു നിത്യബ്രഹ്മ-
ചരണമരികിൽത്താൻ മണികണ്ഠ! 127

നിജജനനീഗദശമനമഹൌഷധി
തിരിഞ്ഞുവനമാന്ന കരുണാബ്ധേ!
മരുന്നുകൂടാതെതാൻ കളഞ്ഞു ഞങ്ങൾ-
ക്കുള്ള ദുരിതമഹാവ്യാധി മണികണ്ഠ! 128

പകരമെന്തിന്നിതിന്നരുളുമെന്നു സുര
രഖിലം വിവശരായമരവേ
പരമപൂരുഷനും കഥിച്ചാനവരോടു
പരമാത്മാവസ്ഥകൾ മണികണ്ഠ! 129

അതുകേട്ടമരരുമധികം വിസ്മിതരാ-
യതുലഭക്തിപൂണ്ടിട്ടരചെയ്താർ:
"കഥകളഖിലവും നിനയ്ക്കിലിന്നുതവ
കളികൾ കരുണാബ്ധേ! മണികണ്ഠ! 130

"പൊറുത്തീടണംനാഥ! സമസ്തമപരാധം
ധരിച്ചീടുവെൻ ഞങ്ങൾ പുലിരൂപം
പുരത്തിലണച്ചുള്ള പെരുത്തകൃതാർത്ഥത-
വശത്തി മടങ്ങുന്നേൻ മണികണ്ഠാ!" 131

പറഞ്ഞീവണ്ണം പൊന്നമ്പലത്തിലിറങ്ങീട്ടു
മറഞ്ഞാരമരരുമതുനേരം
നിറഞ്ഞുനികടത്തിൽ പുലികൾനിരവധി
നിരന്നു നിരുപമം മണികണ്ഠാ! 132

നടുവിൽ തിളങ്ങിനാൻ സടകൾപൂണ്ടു സിംഹ
വടിവിൽ സുരവരനരിഭീമൻ
പരമാദരപൂർവം വഹിച്ചു മുതുകില-
പ്പരമജ്യോതിസ്സിനെ മണികണ്ഠാ! 133

നെടിയവില്ലും കൂർത്തശരവുമിരുവശം
കടിയിൽചേർത്തു കത്തിപ്പിടിച്ചുഹാ!
അടവിയാകെക്കാന്തിമഴയിൽത്തെളിച്ചുകൊ-
ണ്ടടനംചെയ്താൻ സ്വാമി! മണികണ്ഠാ! 234

കരികൾ, കരടികൾ, കടുവാ, പുലിതൊട്ടു-
ഗ്ഗിരിയിൽ വിഹരിക്കും മൃഗയൂഥം
അരികിലറിയാതെ സ്വാപതിവരികയാ-
ലുരുഭയംപൂണ്ടോടി മണികണ്ഠാ! 135

തരുക്കൾവാതേരിതതലങ്ങൾ ഭയംകൊണ്ടു
വിറകൊണ്ടീടുംവണ്ണം നിലകൊണ്ടു
ശിരസ്സുയർത്തിമുറവും ഭയന്നുനോക്കിനിന്നു.
ഗരിഷ്ഠരചലങ്ങൾ മണികണ്ഠാ! 136

നദികൾ ശിലകളിൽത്തടഞ്ഞുഗതികളും
വെടിഞ്ഞുമണിഹാരനിരകളും
പിടഞ്ഞു കാഞ്ഞുടൻകടന്ന ജടതയെ
സ്ഫുടമാക്കിയോഹോ ഹാ മണികണ്ഠ! 137

... ... .... ...

സഹസ്രഭാനുവൊരു സഹസ്രമുദിച്ചിട്ട-
മഹസ്സിൽപ്പുരിയതാ മുഴുകുന്ന
പരക്കുന്നതുമെന്താണവിടെപ്പുതു ഘോര-
പ്പുഴയോ പുലികളോ? മണികണ്ഠ! 138

പരക്കെജ്ജനതതി ഭ്രമിച്ചു മുഖങ്ങളിൽ
പതിച്ചിട്ടും ഹാ! ദുഷ്ടമൃഗക്കൂട്ടം.
വണക്കമൊന്നു വഴി വഴങ്ങിഗ്ഗമിക്കുന്നു
മണക്കുന്നതുമില്ല, മണികണ്ഠ! 139

അറിവോക്കില്ല ഭയമഹിംസയല്ലോ ദേവൻ
കരുണയത്രേ സിംഹം പുലികളോ?
അറിയസദാചാരനിരയാം, പരമാത്ഥ-
മറിയുന്നില്ലേ ലോകം മണികണ്ഠ! 140

"കറക്കുകമ്മേ! ക്ഷീരം സഹസ്രപ്പാവേഗം
കറയ്ക്കും തലയ്ക്കുള്ള കടുരോഗം,"
ഉറക്കെമണികണ്ഠൻ കഥിക്കെത്തിരുമുമ്പിൽ
വിറച്ചു വീണാളവൾ മണികണ്ഠ! 141

മിഴിച്ചു ഭയാത്ഭുതപരമഭാവങ്ങളാൽ
പകച്ചുനിൽക്കും സാധുനൃപനോടായ്
കപടനാട്യൈകചതുരസൂത്രധാരൻ
കരുണാഘനമോതി മണികണ്ഠ! 142

ഭീതിതേടാസ്സതെല്ലുമെൻ താത, ഞാ-
നോതിടുന്നേൻ പരമാർത്ഥമൊക്കവേ.
ഏതുമില്ലത്ര നിങ്ങൾക്ക സന്താപ-
ഹേതു പാർക്കിലയ്യപ്പാ പാഹിമാം. 143

മോഹിനീ വേഷനായ ജഗത്രയ-
മോഹനാംഗനെക്കണ്ടുമാ വല്ലഭൻ
മോഹനാശൻ മോഹിക്കകാരണം
ദേഹമാർന്ന ഞാൻ അയ്യപ്പാ! പാഹിമാം. 144

ശങ്കരഗിരിജാനന്ദപാത്രമായ്
ശങ്കരഗിരിതന്നിൽ വന്നേൻചിരം
അങ്കുരിച്ച തൽകാരുണ്യമിന്നനി-
ന്നങ്കഭൂമിയിലയ്യപ്പാ! പാഹിമാം. 145

ദുഷ്ടയാകും മഹിഷിയെക്കൊന്നു സം-
തുഷ്ടിദേവകൾക്കേകിയും ഭൂമിയിൽ
ദുഷ്ടനിഗ്രഹം ചെയ്യതിന്നും നിന-
ക്കിഷ്ടപുത്രനായയ്യപ്പാ! പാഹിമാം. 146

ഇന്നു മാതാവിൻദോഷത്തിനൊക്കെയും
ദുർന്നയനായ മന്ത്രിതാൻ കാരണം
കൊന്നിടുന്നില്ലിവനെ മഹാവ്യാധി-
യൊന്നുകൊണ്ടുവൻ ദുർമ്മദം പോക്കുമെൻ. 147

കേണിടായ്ക! ജനനീ തവ ചിത്തം
കാണുവാനുണ്ടെനിക്ക കണ്ണെപ്പൊഴും
കാണിവിക്രമം ലോകപാഠത്തിനായ്
കാണിച്ചേനഹമയ്യപ്പാ! പാഹിമാം. 148

എന്തു സംഭവമെന്തൊരു ബന്ധമി-
തന്തകാന്തക മോഹിനീ നന്ദന!
സ്വാന്തസംശയമെല്ലാമകന്നിതാ
ശാന്തരായ് ഞങ്ങളയ്യപ്പാ! പാഹിമാം. 149

ചെററുബോധമിയലാതെ ചെയ്തൊരു
കുററമാകെയും ദേവ ദയാനിധേ!
ചുററുമജ്ഞാനജന്യമെന്നായ് ക്ഷമി--
ച്ചേററുക സുഖമയ്യപ്പാ! പാഹിമാം. 150

എങ്ങനെ മേലിൽ ദർശിച്ചിടേണ്ടു ഞാൻ
മംഗലാംഗ! മഹനീയ വിഗ്രഹ!
ഭംഗിയായരുൾചെയ്ക വൻമോഹത്തിൻ
ഭംഗമേകുകെന്നയ്യപ്പാ! പാഹിമാം. 151

... .. ... ...

സത്യലോകം ഗമിക്കുന്നു ഞാൻ ഗുരോ!
പൃഥിവിയിൽ മമ കൃത്യമില്ലായ്കയാൽ
സത്യമോതുവൻ ത്വൽകുലവർദ്ധനം
കൃത്യമൊന്നു ഞാനയ്യപ്പാ! പാഹിമാം. 152

ദർശനം തവ തന്നൊരു പമ്പതൻ
പാർശ്വശൈലമൌലിയിൽ മിന്നുന്ന
ദാശരഥിപദാംബുജഭക്തിയിൽ
ശ്രീശബരി കളിച്ചപുണ്യസ്ഥലം. 153

തത്ര മൽശരലക്ഷ്യമാം സ്ഥാനത്തു
ചിത്രമായ് തീർക്കേണമാലയം ഭൂമിപ!
നിത്യസാന്നിദ്ധ്യമുണ്ടാം മമ തവ
ഹൃത്തിലെന്നപോലയ്യപ്പാ! പാഹിമാം. 154

36151

ആണ്ടുതോറും മകരമാസാദിയിൽ
മണ്ഡലവ്രതഭക്തിഹര്‍ഷൂരികയാൽ
കണ്ടകവനം ഭേദിച്ചുവന്നു നീ
കണ്ടുകൊൾക കുമാരയ്യപ്പാ! പാഹിമാം. 155

ഭക്തിദീപികയാൽ നീ തെളിച്ചിട്ടും
മുക്തിമാർഗ്ഗമിബ്ഭുവിലെക്കാലവും
ഭക്തസംഘമനുസരിച്ചാത്മിക-
ശക്തിനേടിടുമയ്യപ്പാ! പാഹിമാം. 156

ഭുവിതിൽ ഹിന്ദുമുസ്ലിം സുമൈത്രിതൻ
പാവനജയസ്തംഭം കനക്കിനെ
പാവരേയും പ്രതിഷ്ഠിച്ചു കൊള്ളുക
കാവലായ് കാട്ടിലയ്യപ്പാ! പാഹിമാം.! 157

നൈഷ്ഠികബ്രഹ്മചര്യമഹാഗ്നിയാൽ
നഷ്ടമാക്കിടാം മാരനെന്നാരിക്കും
സ്പഷ്ടമാക്കുവാനിത്തതത്വ,മൻ പിന്നിൽ
ശിഷ്ടവാഴട്ടെ അയ്യപ്പാ! പാഹിമാം. 158

കർമ്മയോഗവും ജ്ഞാനാഖ്യയോഗവും
തമ്മിൽ മത്സരിച്ചോറാം കഴയ്ക്കുവേ
ശർമ്മഹസ്തയായ് വന്നെത്തിമർത്ത്യനിൽ
നിർമ്മലഭക്തി അയ്യപ്പാ! പാഹിമാം. 159

മാഴ്കിടൊല്ല! മദീയവിയോഗജ
ശോകമേറവുമഹിപതി ഭത്താമേ!
ഏകമടചയമോർത്ത വിദ്യാർണ്ണവം
നീ കടന്നാലുമയ്യപ്പാ! പാഹിമാം. 160

36131

മൽപ്രിയ, മത്സുതൻ, മമരാജ്യമി-
ത്തൊക്കെയും രജ്ജുസർപ്പമായ് തോന്നലാം
നിൻപദത്താനിത്യമേകമനന്തമാം
മൽപദം പാർക്കിലയ്യപ്പാ! പാഹിമാം. 161

ഇല്ലഭേദമെനിക്കും ഭവാനുമി-
പ്പുല്ലിനും തമ്മിലോർത്താൽ മഹാമതേ!
എല്ലാമജ്ഞാനജന്യം മമതയെ
വെല്ലുകരാജൻ അയ്യപ്പാ! പാഹിമാം. 162

അല്ലലന്യനണയാതെസന്തതം
നല്ലകർമ്മങ്ങളാചരിച്ചീടുകിൽ
ഇല്ലതിൽപരം സമ്പത്തവന്നുമേ-
ലില്ലജന്മവുമയ്യപ്പാ! പാഹിമാം. 163

പുണ്യപാപങ്ങളാകുമിരുമുടി
ഭണ്ഡമെന്യേ തലയിൽ ചുമന്നുടൻ
നിർണ്ണയം മമാഭ്യർണ്ണമണയുകിൽ
പൂർണ്ണവിശ്രമമയ്യപ്പാ! പാഹിമാം. 164

ചേട്ടയാടിയെരുമേലിൽനിന്നഹാ!
കാട്ടിനുള്ളിൽ കയറിക്കഴിയവേ
നാട്ടിനോടുള്ള ബന്ധങ്ങളൊക്കെയും
കെട്ടറുംക്ഷണമയ്യപ്പാ! പാഹിമാം. 165

ദുഷ്ടസത്വ ദുഃസ്വപ്ന ശതങ്ങളാൽ
ദുഷ്ഠരതപം നശിച്ചേക രൂപരായ്
നിഷ്പ്രയാസം പടികൾ പതിനെട്ടു-
മുൻക്രമിച്ചിടുമയ്യപ്പാ! പാഹിമാം. 166

ഭേദബുദ്ധിയകന്നു സമസ്തരും
സോദരത്വം കലർന്നുമമാന്തികേ
ജാതസൌഹൃദം കാണുന്നതിൽപ്പരം
മോദമില്ലയ്യാ! മംഗളം, മംഗളം. 167

ഹരിഹരസുത! പാഹിമാം, പാഹിമാം,
ഹരിതനുപ്രഭ! പാഹിമാം പാഹിമാം,
വരശബരിഗിരിസദാച്ചൂടിട്ടും
വരദ രത്നമേ! പാഹിമാം പാഹിമാം. 168

ശുഭം.

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.
1522
Cl. No. MA10 Acc. No. 36151
This book should be returned on or before the date last stamped below.

1522
MAIO 36151
MAIO ഞ.
ആചാരി. ഷസ്. കെ.
പിണ്ണിക്കുഞ്ഞംപാലം
36151
1522
C. 1961

# പുതിയ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| ശശികല (നാടകം) | 2 | 0 | 0 |
| തണ്ണീർപ്പന്തൽ (ചെറുകഥകൾ) | 1 | 8 | 0 |
| By N. P. | | | |
| പ്രണയതസ്കരൻ (നാടകം) | 1 | 8 | 0 |
| By കുറിച്ചിത്താനം | | | |
| രമണി (പദ്യം) | 1 | 0 | 0 |
| By മിസ്സസ് സുന്ദരം | | | |
| ജീവിതസ്മരണകൾ Part I & II | 5 | 0 | 0 |
| By E. V. | | | |
| വേഷങ്ങൾ (നാടകം) | 2 | 0 | 0 |
| By കൈനിക്കര | | | |
| മാലിനീമാലിന്യം (നോവൽ) | 3 | 0 | 0 |
| By K. P. നാരായണൻഉണ്ണി | | | |
| K. ചിന്നമ്മ (ജീവചരിത്രം) | 3 | 0 | 0 |
| By N. B. | | | |
| വിശ്വമോഹിനി (നാടകം) | 2 | 0 | 0 |
| By ചമ്പകര | | | |
| ഇന്ദുമതി (നോവൽ) | 2 | 8 | 0 |
| By എം. കല്യാണിഅമ്മ | | | |
| രാഗിണി (നാടകം) | 1 | 8 | 0 |
| By K. K. വാദ്ധ്യാർ | | | |
| കാളേജുകുമാരി | 0 | 12 | 0 |
| By M. P. ഗംഗാധരൻ, B. A. | | | |
| ബാലാമണിപ്പെട്ടി | 1 | 4 | 0 |
| By Miss അമർജ്യോതി | | | |
| ഇരുട്ടിൽനിന്നും വെളിച്ചത്തേയ്ക്ക് (നോവൽ) | 1 | 12 | 0 |
| By R. ശിവശങ്കരൻ നായർ | | | |